**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **11-09-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെയെന്നും അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ അനുവദിച്ചിട്ടില്ല. |
| (ബി) | ഖാദർ കമ്മിറ്റി ശിപാർശ പ്രകാരം ബ്ലോക്ക് തലത്തിൽ സ്കൂൾ എഡ്യൂക്കേഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും പുരോഗതിയും വിശദീകരിക്കുമോ; | (ബി) | പ്രൊഫ. ഡോ.എം.എ. ഖാദർ അധ്യക്ഷനായുള്ള വിദഗ്ധ സമിതിയുടെ 'മികവിനായുള്ള വിദ്യാഭ്യാസം ഭാഗം (1)' എന്ന റിപ്പോർട്ട് 28/02/2019 ലെ സ.ഉ.(കൈ)നം.19/2019/പൊ.വി.വ പ്രകാരം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് വകുപ്പുതലവനായി ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ (ഡി.ജി ഇ) എന്ന തസ്തിക 31/05/2019 ലെ സ.ഉ(കൈ) നം 53/2019 പൊ.വി.വ പ്രകാരം സൃഷ്ടിച്ചു. മേൽ പറഞ്ഞ മൂന്ന് ഡയറക്ടറേറ്റുകളും ഡി.ജി.ഇ യുടെ നിയന്ത്രണ പരിധിയിൽ കൊണ്ടു വരികയും ചെയ്തു.<br><br>ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററിവരെയുള്ള വിദ്യാഭ്യാസ ഏകീകരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് 23.02.2022 -ലെ സ.ഉ.(സാധാ)നം. 1030/2022/പൊ.വി.വ. ഉത്തരവു പ്രകാരം കോർ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ശിപാർശകൾക്കനുസൃതമായി ബ്ലോക്ക്തലത്തിൽ സ്കൂൾ എഡ്യൂക്കേഷൻ ഓഫീസുകൾ അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |
| (സി) | വിദ്യാഭ്യാസ പദ്ധതികളുടെ നടത്തിപ്പിനും | (സി) | പൊതുവിദ്യാദ്യാസ വകുപ്പിന്റെ മേൽനോട്ടത്തിലും |

| | | | |
|---|---|---|---|
| | ഏകോപനത്തിനുമായി പുതുതായി കൈക്കൊണ്ടുവരുന്ന മറ്റ് പരിഷ്കാരങ്ങൾ വ്യക്തമാക്കുമോ; | | നിയന്ത്രണത്തിലും വിവിധ ഏജൻസികൾ പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എസ്.എസ്.കെ, എസ്.സി.ഇ.ആർ.ടി, കൈറ്റ്, സീമാറ്റ്, എസ്.ഐ.ഇ.റ്റി., സാക്ഷരതാ മിഷൻ, സ്കോൾ കേരള വിദ്യകിരണം മിഷൻ എന്നിങ്ങനെ വിവിധ ഏജൻസികൾ വിദ്യാഭ്യാസ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഇതിന്റെയെല്ലാം നിയന്ത്രണവും ഏകോപനവും പൊതു വിദ്യാഭ്യാസ ഡയറകറുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ജില്ലാതലത്തിൽ സെക്കണ്ടറിതലം വരെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ നേതൃത്വത്തിലും, ഹയർ സെക്കൻഡറി, വി.എച്ച്എസ്.സി വിഭാഗങ്ങളുടെ പ്രവർത്തനം യഥാക്രമം ആർ.ഡി.ഡി-മാരുടെയും, എ.ഡി.മാരുടെയും നേതൃത്വത്തിലും നിർവഹിക്കുന്നു. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ വിദ്യാഭ്യാസ മേഖലയിൽ നടന്നുവരുന്നു. അടിസ്ഥാന സൗകര്യ വികസനം, അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള വിവിധ പദ്ധതികൾ, വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ, അക്കാദമിക മോണിറ്ററിങ് തുടങ്ങി വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ പുരോഗമിക്കുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളായ ശ്രദ്ധ, ഫോക്കസ് സ്കൂൾ, മോഡൽ സ്കൂൾ, സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം, ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം തുടങ്ങിയവയും എസ്.എസ്.കെ യുടെ വിവിധ അക്കാദമിക പ്രവർത്തനങ്ങളും വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെ നടന്നുവരുന്നു. |
| (ഡി) | തസ്തികകളുടെ ശ്രേണി ക്രമീകരണം, ചുമതലകളുടെ ക്രോഡീകരണം എന്നിവയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ? | (ഡി) | തസ്തികകളുടെ ശ്രേണീക്രമീകരണം സംബന്ധിച്ച് വിശദമായി പ്രസ്താവിച്ചിട്ടുള്ള മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസ വിദഗ്ധസമിതി റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഏകോപനം പൂർണ്ണതയിൽ എത്തിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ അടക്കം വികസിപ്പിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ഒരു കോർ കമ്മിറ്റിയെ 23.02.2022 ലെ സ.ഉ(സാധാ)നം .1030/22/പൊ.വി.വ. ഉത്തരവ് പ്രകാരം രൂപീകരിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ